21
ജൂലൈ 2023
വെള്ളി
Pages- 5
Vol. 2 Issue 169

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission
CNL7 MEDIA
538



## ജുഡീഷ്യറിയുടെ അവകാശങ്ങൾ ഹനിക്കുന്ന നിയമനിർമാണം ;

# പ്രതിഷേധവുമായി യിസ്രായേൽ ജനത

## ക്രൂരതകൾ അവസാനിക്കാതെ മണിപ്പൂർ ;

# കുകി യുവാവിന്റെ തല വെട്ടിമാറ്റി

എഡിറ്റോറിയൽ

## ക്രിസ്ത്യൻ ലൈവ്

2023 ജൂലൈ 21 വെള്ളി



# ഏറ്റവും വലിയ മായയായ തെറ്റിധാരണ

മനുഷ്യൻ ചിന്തിച്ചുവച്ചിരിക്കുന്ന ഏറ്റവും വലിയ മായയായ തെറ്റിധാരണയാണ് ഈ ഭൂമിയാണ് മനുഷ്യന്റെ സ്ഥിരവാസസ്ഥലം എന്നത്. നമ്മുടെ സ്വന്ത ദേശം ആയ ഇന്ത്യയിൽ നിന്നും ഒരു മാസത്തേയ്ക്ക് ഒരവധിക്കായി ഇംഗ്ലണ്ടിൽ നിങ്ങൾ പോകുന്നു എന്ന് കരുതുക. അവധി കഴിഞ്ഞ് ഇന്ത്യയിലേക്കുള്ള  മടക്ക യാത്രയിൽ നിങ്ങൾക്ക് ഒന്നും കൊണ്ടുവരുവാൻ സാധിക്കില്ല. എന്നാൽ ഇംഗ്ലണ്ടിൽ ഉണ്ടാക്കുന്ന എല്ലാ പണവും നിങ്ങൾക്ക് ബാങ്ക് വഴിയായി നിങ്ങളുടെ സ്വന്തദേശത്തേയ്ക്കയക്കാം.

അങ്ങനെയുള്ളപ്പോൾ നമ്മുടെ ഇംഗ്ലണ്ടിലെ ഹോട്ടൽ മുറിയിൽ വിലപിടിച്ച ഫർണീച്ചറുകൾ നാം വാങ്ങിച്ചു കൂട്ടുമോ? കർട്ടനുകളും വില കൂടിയ ചുമർചിത്രങ്ങൾക്കൊണ്ടും ആ ഹോട്ടൽ മുറി നാം ആരെങ്കിലും അലങ്കരിക്കുമോ? വിലയേറിയ കാര്യങ്ങൾ ആ ഹോട്ടൽ മുറിയിൽ വാങ്ങിച്ചുകൂട്ടി നിറയ്ക്കുമോ? ആ താമസം വെറും ചുരുങ്ങിയ കാലമാണെന്നറിയാവുന്നവർ ആ ബോധമുള്ളവർ അതിനുള്ളിൽ ഒന്നും വാങ്ങിച്ചിടുകയില്ല. ഈ ഭൂമി മനുഷ്യന്റെ ശാശ്വത ഭാവനമല്ല. നമ്മുടെ നിത്യതയിലേക്കുള്ള യാത്രയിലെ ഒരു ഇടത്താവളം.മാത്രമാണ് ഈ ഭൂമി. ഇവിടെ വാങ്ങിക്കൂട്ടുന്ന ഒന്നും ഒരു വസ്ത്രം പോലും മരണശേഷം നമുക്ക് കൊണ്ടുപോകുവാൻ സാധ്യമല്ല.

എന്നാൽ നാം ഈ ഭൂമിയിൽ നമ്മുടെ സമ്പത്ത് സ്വരൂപിച്ചുകൂട്ടുന്നതിന്റെ തിരക്കിലാണ്.ഒരിക്കലും നമ്മോടു കൂടെ വരാത്ത കാര്യങ്ങൾ വാങ്ങിച്ചു സ്വരൂപിക്കുന്നതിൽ  മനുഷ്യർ മുഴുകിയിരിക്കുന്നു.എന്നാൽ ബുദ്ധിയുള്ളവർ തങ്ങളുടെ താൽകാലിക വാസത്തിനു ആവശ്യമായ അത്യാവശ്യ കാര്യങ്ങൾ മാത്രം വാങ്ങിക്കും. ഇതിവിടെ ഇട്ടിട്ട് മാത്രമേ പോകുവാൻ സാധിക്കൂ എന്ന പൂർണ്ണ ധാരണയിൽ അവർ ജീവിക്കുന്നു.

ആരുമായി വഴക്കുകൂടുവാനോ, മോഷ്ടിക്കുവാനോ, വെട്ടിപ്പിടിക്കുവാനോ ഒന്നും അവർ ശ്രമിക്കാറില്ല. അവർ പോകേണ്ട സ്വന്ത സ്ഥലത്തിന്റെ വെളിച്ചത്തിൽ അവർ ജീവിക്കുന്നു.ഈ ദേശം എന്റേതല്ല എന്ന് ഓരോ കാര്യങ്ങൾ വാങ്ങിക്കുന്നതിനു മുൻപും അവർ ചിന്തിക്കുന്നു. അതേ സമയം അവരുടെ സ്വന്ത ദേശത്തേയ്ക്കുള്ള നിക്ഷേപം വർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്നു. നാം മനസ്സിലാക്കണം നമ്മുടെ ഈ ഭൂമിവാസം താല്കാലികമാണ്, ക്ഷണികമാണ്.

പാരിലെ ഈ അൽപായുസ്സിൽ നാം ദൃഷ്ടിപതിപ്പിക്കരുത്. ഭംഗുരമായ ഈ വാസത്തിൽ നാം സ്വരൂപിച്ചതെല്ലാം താഴെവെക്കേണ്ട ഒരു ദിവസം വരും. നമ്മുടെ നിത്യതയ്ക്കായി ദൈവസ്നേഹത്തിലും പദ്ധതിയിലും നാം ആശ്രയിക്കേണം. നമുക്കാവശ്യമുള്ളതെല്ലാം നമ്മുടെ സ്വർഗീയ പിതാവാം ദൈവം ഒരുക്കുന്നുണ്ട്. കണ്ണുനീരും ദുഖവും വേദനയും ഒന്നുമില്ലാത്ത നാട്ടിൽ നമുക്കു നിത്യം വാഴുവാൻ ആവശ്യമായതെല്ലാം നമ്മുടെ താതൻ നമുക്കായ് ഒരുക്കുന്നു.

ആ ദർശനം നഷ്ടപ്പെട്ടാൽ, ഈ ഭൂമിയിലെ നഷ്ടങ്ങൾ നമ്മെ വേദനിപ്പിക്കും. ആ കാഴ്ചപ്പാടില്ലെങ്കിൽ ഇവിടുത്തെ അധികാരത്തിനായി നാം എന്തും ചെയ്യും. ഇവിടെയുള്ള അധികാരത്തിനും പദവിക്കും പ്രശംസക്കും ഒന്നും സ്വർഗ്ഗലോകെ ഒരു വിലയുമില്ല.

ഈ ലോകം നമ്മുടെ സഹജീവികളെ സ്നേഹിക്കുവാനുള്ള ലോകമാണ്. മറ്റുള്ളവരുടെ മുറിവുകൾ കെട്ടുവാനുള്ള നല്ല അവസരമാണിത്.

സ്വർഗ്ഗത്തിലേക്ക് നിക്ഷേപം സ്വരൂപിക്കുവാനുള്ള  സമയമാണിത്.



ബ്ലെസ്സൺ ചെറിയാൻ
കാനഡ

# ജുഡീഷ്യറിയുടെ അവകാശങ്ങൾ ഹനിക്കുന്ന നിയമനിർമാണം ; പ്രതിഷേധവുമായി യിസ്രായേൽ ജനത



ജെറുസലേം : ജുഡീഷ്യറിയുടെ അവകാശങ്ങൾ ഹനിക്കുന്ന നിയമനിർമാണത്തിനെതിരെ പ്രതിഷേധം കടുപ്പിച്ച് ഇസ്രായേൽ. ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന്റെ നേതൃത്വത്തിൽ ജുഡീഷ്യറിയുടെ അവകാശങ്ങൾ അട്ടിമറിക്കാനുള്ള നീക്കം നടക്കുമ്പോൾ ശക്തമായ പ്രതിഷേധം തെരുവിൽ അണിനിരത്തുകയാണ് ഇസ്രായേൽ ജനത. പ്രധാനമന്ത്രിയെ പുറത്താക്കാൻ ജുഡീഷ്യറിക്കുള്ള അധികാരം ചോദ്യം ചെയ്തു കൊണ്ടാണ് പുതിയ നിയമ നിർമാണത്തിന് നെതന്യാഹു ഒരുങ്ങുന്നത്. ഇസ്രായേലിലെ പ്രധാന കോടതികളിലേക്ക് ജഡ്ജിമാരെ നിയമിക്കാൻ സർക്കാരിനെ ചുമതലപ്പെടുത്തുന്ന നിയമനിർമ്മാണവും പുരോഗമിക്കുകയാണ്. ഇസ്രായേൽ പാർലമെന്റായ കനാസെറ്റിൽ വരുന്ന തിങ്കളാഴ്ചയാണ് ബില്ലിൽ അവസാനഘട്ട വോട്ടെടുപ്പ് നടത്തുന്നത്. ചർച്ചകൾക്കിടയിൽ ബില്ലിലെ ചില വകുപ്പുകൾ ഒഴിവാക്കേണ്ടി വന്നിട്ടുണ്ട്. ബിൽ നിയമമായി മാറുന്നത് പ്രതിരോധിക്കാൻ ശക്തമായ സമരം തെരുവിൽ അണിനിരത്തുകയാണ് ഇസ്രായേൽ ജനത.

എന്നാൽ, ഏത് സമവായത്തിനും താൻ ഒരുക്കമാണെന്നാണ് നെതന്യാഹുവിന്റെ പ്രതികരണം. പ്രതിപക്ഷവുമായി ഐക്യത്തിൽ എത്തുകയാണ് തന്റെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ അധികാര കസേരയിൽ ഇരിപ്പുറപ്പിക്കാനും പ്രതിഷേധങ്ങളെ തണുപ്പിക്കാനും നെതന്യാഹു നടത്തുന്ന പുതിയ അടവാണ് സമവായ നീക്കമെന്ന് പ്രതിപക്ഷം പറയുന്നു. പലസ്തീന് നേരെ ഭരണകൂടം നടത്തുന്ന ആക്രമണങ്ങളിലും സമരം കടുപ്പിക്കുന്നുണ്ട് ഇസ്രായേൽ. എന്നാൽ, സായുധ വേട്ടകൾക്കും വംശഹത്യകൾക്കും ശക്തമായ പിന്തുണ നൽകുകയാണ് അമേരിക്കയുടെ നേതൃത്വത്തിലുള്ള പാശ്ചാത്യചേരി.  ഇസ്രായേൽ പാർലമെന്റ് തിങ്കളാഴ്ച ബില്ലിൽ അവസാനവട്ട വോട്ടെടുപ്പ് നടത്തുന്നുണ്ട്.

## റാങ്ക് നേടി



പെരുമ്പെട്ടി: കേരള യൂണിവേഴ്സിറ്റിയിൽ മാസ്റ്റർ ഓഫ് ഫിസിയോ തെറാപ്പിയിൽ ഒന്നാം റാങ്ക് നേടി  ജിതിയ സൂസൻ വർഗീസ്. ഉതിനിൽക്കുന്നതിൽ വർഗീസ് മാത്യു സൂസമ്മ വർഗീസ് എന്നിവരുടെ മകളാണ് ജിതിയ. പെരുമ്പെട്ടി ഐപിസി ഫിലാഡൽഫിയ സഭാംഗമാണ്.

# ഐഎസ് കേരളത്തെ ലക്ഷ്യമിടുന്നതായി എൻഐഎ

കൊച്ചി : ഐഎസ് ഭീകരസംഘം കേരളത്തേയും ലക്ഷ്യമിട്ടിരുന്നതായി നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി. ഐഎസിന്റെ പ്രവർത്തനത്തിനു ഫണ്ട് ശേഖരണം നടത്തിയ കേസിൽ പിടിയിലായവരെ ചോദ്യം ചെയ്യുമ്പോഴാണ് വിവരങ്ങൾ പുറത്തായത്. നാലു പേരെ എൻഐഎ ചോദ്യം ചെയ്തു വരികയാണ്. ആരാധനാലയങ്ങൾ, ചില സമുദായ നേതാക്കൾ എന്നിവർക്കെതിരെ ഭീകരാക്രമണം നടത്താൻ ഇവർ മൊഡ്യൂൾ ഗൂഢാലോചന നടത്തിയതായി എൻഐഎ കണ്ടെത്തി. ഇതിനു വേണ്ട രഹസ്യ നീക്കങ്ങൾ ഇവർ ആസൂത്രണം ചെയ്തെന്നും കണ്ടെത്തി.'പെറ്റ് ലവേഴ്സ്' എന്ന ഗ്രൂപ്പുണ്ടാക്കി  സമൂഹമാധ്യമത്തിലൂടെയാണ്  ഇവർ രാജ്യവിരുദ്ധ പ്രവർത്തനങ്ങൾ നടത്തിവന്നിരുന്നത്. ഐഎസിന്റെ മൊഡ്യൂളിൽ പെട്ട ഗൂഢ സംഘത്തെ പിടികൂടാൻ കേരളത്തിൽ തൃശൂരും പാലക്കാടും എൻഐഎയെ ക!ഴിഞ്ഞ ദിവസം റെയ്ഡ് നടത്തിയിരുന്നു.

EDITORIAL BOARD

**Chief Editor:**
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji lype Mathews
Pr. Shibu Thomas , Oklahoma .
Pr. Blesson Cherian , Canada.
Rojin Pynummoodu
Duglus Joseph
Sis.Jessy Koshy
Sis.Blessy Rufus

+91 9188522220 +91 9846552220 Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354



# നാട് മുഴുവൻ തേങ്ങി, ഒസി ഓർമയായി

**പുതുപ്പള്ളി എന്ന കൊച്ചുഗ്രാമത്തെ ഒസി സാർ ലോകഭൂപടത്തിൽ ലബ്ധപ്രതിഷ്ഠമാക്കി. ഉമ്മൻ ചാണ്ടിയെന്നാൽ പുതുപ്പള്ളിയും പുതുപ്പള്ളിയെന്നാൽ ഉമ്മൻ ചാണ്ടിയുമായിരുന്നു**



റവ.ജോർജ് മാത്യു പുതുപ്പള്ളി

അങ്ങനെ ഉമ്മൻ ചാണ്ടി സാറിന്റെ ഭൗതികശരീരം പുതുപ്പള്ളിയുടെ മണ്ണിൽ ലയിച്ചു. ഒരു നാട് മുഴുവൻ ഒരു മനുഷ്യന്റെ മരണത്തിൽ ഇത്രയേറെ ഹൃദയം തകർന്നു വിലപിക്കുന്ന കാഴ്ച ഇതിനുമുമ്പ് ഞാൻ കണ്ടിട്ടില്ല. പുതുപ്പള്ളിക്കാരുടെ കുഞ്ഞൂഞ്ഞ് ലോകമലയാളികളുടെ ഹൃദയത്തിൽ നൊമ്പരമുള്ള ഒരോർമയായി.

മരണസമയത്ത് ശരീരഭാരം 48 കിലോയായി കുറഞ്ഞ ഈ അത്ഭുതമനുഷ്യൻ മലയാളികളുടെ ഒരു പൊതുവികാരമായിരുന്നു. സാധാരണ മനുഷ്യരുടെ കണ്ണും കാതുമായിരുന്നു. ഏതു പാതിരാത്രിയിലും പതിതജനതയെ കേൾക്കുവാനും അവരെ സഹായിക്കുവാനും സന്നദ്ധനായിരുന്നു. മറ്റുള്ളവരെ നിങ്ങളെപ്പോലെ സ്നേഹിക്കണമെന്ന യേശുകർത്താവിന്റെ കല്പന ജീവിതത്തിൽ അതേപടി പ്രാവർത്തികമാക്കുകയായിരുന്നു. അതേ, പുതുപ്പള്ളിക്കാരുടെ കുഞ്ഞൂഞ്ഞ് മറ്റുള്ളവർക്കുവേണ്ടി ജീവിച്ച് അരുമനാഥന്റെ ഉപദേശം അക്ഷരംപ്രതി ജീവിതത്തിൽ പ്രാവർത്തികമാക്കി.

അദ്ദേഹത്തിന്റെ വീട്ടിൽനിന്നും ഒരു വിളിപ്പാടകലെ ജീവിച്ചിട്ടും അദ്ദേഹം ഇത്രമാത്രം ജനഹൃദയങ്ങളെ കീഴടക്കിയിരുന്നുവെന്ന് ഞാൻ അറിഞ്ഞിരുന്നില്ല. പെരുമഴയെപ്പോലും വകവെയ്ക്കാതെ കേരളജനത മുഴുവൻ, മണിക്കൂറുകളോളം തങ്ങളുടെ നേതാവിനെ അവസാനം ഒരു നോക്കുകാണാൻ കാത്തുനിൽക്കുന്നതു കണ്ടപ്പോഴാണ് ഒസി സാറിനെ മലയാളികൾ എത്രമാത്രം സ്നേഹിച്ചിരുന്നുവെന്ന് ഞാൻ തിരിച്ചറിഞ്ഞത്. നൂറു കണക്കിനു പാവങ്ങൾ തങ്ങളുടെ നേതാവിനെക്കുറിച്ചു പറഞ്ഞ നന്മയുടെ കഥകൾ കേട്ട് ഞാൻ അന്തംവിട്ടു. ഒരു ജന്മത്തിൽ ഇത്രയേറെ പേർക്ക് ഇത്രമാത്രം നന്മ ചെയ്യാൻ ഉമ്മൻ ചാണ്ടിയെന്ന മനുഷ്യസ്നേഹിക്കല്ലാതെ മറ്റാർക്കും കഴിയില്ലെന്ന് കേരളം തിരിച്ചറിഞ്ഞു.

തന്നെ സമീപിക്കുന്ന ഓരോരുത്തരുടെയും ആവശ്യങ്ങൾ ശ്രദ്ധയോടെ കേൾക്കുകയും വിഷമങ്ങൾക്ക് അപ്പപ്പോൾ തന്നെ പരിഹാരം കണ്ടെത്തുകയും ചെയ്ത ഒരു ജനനേതാവ് ഉമ്മൻ ചാണ്ടിയല്ലാതെ മറ്റാരും ലോകത്തിൽത്തന്നെ കാണില്ല. മകൾ അച്ചുവിന്റെ വാക്കുകൾ എന്നെ അത്ഭുതപ്പെടുത്തി : 'അപ്പയെ ലോകത്തിൽ ഏറ്റവും കൂടുതൽ സ്നേഹിച്ചിരുന്നത് ഞാനാണെന്നായിരുന്നു എന്റെ ചിന്ത. എന്റെ ആ സ്വകാര്യ അഹങ്കാരത്തെ കേരളീയ ജനത തിരുത്തിയെഴുതി. അപ്പയെ കാണാൻ വിലപിച്ച് ഒഴുകുന്ന ജനമഹാസമുദ്രം എന്റെ തെറ്റിദ്ധാരണ മാറ്റി. ജനങ്ങളെയാണ് അപ്പ ഏറെ സ്നേഹിച്ചത്. ജനങ്ങൾ ഏറെ സ്നേഹിച്ചതും അപ്പയെയാണ്. ഇതിൽ കൂടുതൽ ഒരഭിമാനം ഒരു മകൾക്ക് പിതാവിനെക്കുറിച്ച് മറ്റെന്താണ് ഉണ്ടാകുവാനുള്ളത് ?'

മരണംവരെ ജനക്കൂട്ടത്തിനിടയിൽ ജീവിക്കുകയാണ് തന്റെ ആഗ്രഹമെന്ന് ഒസി സാർ പറയുമായിരുന്നു. ഏകാന്തതയെ അദ്ദേഹം ഭയപ്പെട്ടിരുന്നു. മരണംവരെയും തന്റെ പ്രിയപ്പെട്ടവരുടെ ഇടയിൽ ഏകാന്തതയില്ലാതെ അദ്ദേഹം ജീവിച്ചു. കേരള സമൂഹം തങ്ങളുടെ പ്രിയ നേതാവിനെ നെഞ്ചേറ്റി. ശവസംസ്കാരദിവസം കേരളം കണ്ട മനുഷ്യമഹാസമുദ്രം ഉമ്മൻ ചാണ്ടിയാണ് തങ്ങളുടെ സ്നേഹനിധിയായ ഒരേയൊരു നേതാവ് എന്നു വിളിച്ചറിയിക്കുന്നതായിരുന്നു.

പുതുപ്പള്ളി എന്ന കൊച്ചുഗ്രാമത്തെ ഒസി സാർ ലോകഭൂപടത്തിൽ ലബ്ധപ്രതിഷ്ഠമാക്കി. ഉമ്മൻ ചാണ്ടിയെന്നാൽ പുതുപ്പള്ളിയും പുതുപ്പള്ളിയെന്നാൽ ഉമ്മൻ ചാണ്ടിയുമായിരുന്നു. അദ്ദേഹം പോകുന്നിടത്തൊക്കെ പുതുപ്പള്ളിയും തന്റെ കൂടെപ്പോയി. ജഗതിയിലെ അദ്ദേഹത്തിന്റെ വീടും പുതുപ്പള്ളി ഹൗസ് എന്ന പേരിൽ അറിയപ്പെട്ടു. പുതുപ്പള്ളിയിലെ വോട്ടർമാരെല്ലാം ഉമ്മൻ ചാണ്ടിയുടെ നാട്ടുകാർ എന്ന പേരിൽ അഭിമാനപുളകിതരായി.

ജാതിമതഭേദമെന്യേ എല്ലാ മനുഷ്യരെയും അദ്ദേഹം സ്നേഹിച്ചു. പണക്കാരെയും പാവങ്ങളെയും ഒരുപോലെ സ്നേഹിച്ചു. ആരോടും പക്ഷാഭേദം കാട്ടിയില്ല. സഹായം തേടി തന്നെ സമീപിച്ചവരെയെല്ലാം മുഖം നോക്കാതെ പാർട്ടി നോക്കാതെ പരമാവധി സഹായിച്ചു. എത്രയോ സാധുക്കൾ ആ മനുഷ്യസ്നേഹിയുടെ കാരുണ്യത്താൽ ജീവിതം തിരികെ പിടിച്ചു. അദ്ദേഹം മരണംവരെ ജീവിച്ചത് ജനങ്ങൾക്കു വേണ്ടിയായിരുന്നു. ജനങ്ങൾ കഴിഞ്ഞേ കുടുംബം പോലും അദ്ദേഹത്തിന് ഉണ്ടായിരുന്നുള്ളൂ. കുടുംബത്തിനും അക്കാര്യം അറിയാമായിരുന്നു. അവരും അക്കാര്യത്തിൽ അദ്ദേഹത്തോടൊപ്പം നിന്നു.

പുതുപ്പള്ളിക്കാരുടെ കുഞ്ഞൂഞ്ഞ് പുതുപ്പള്ളി പള്ളിയിലെ മണ്ണിൽ വിശ്രമിക്കുന്നു.കേരളം മുഴുവൻ ഒന്നിച്ചുചേർന്നാണ് അദ്ദേഹത്തെ യാത്രയയച്ചത്. ഏതു രാഷ്ട്രീയനേതാവിനെ ജനങ്ങൾ മറന്നാലും ഒസി സാറിനെ ജനം മറക്കില്ല. അവരെ അവരെക്കാളേറെ സ്നേഹിച്ച ഉമ്മൻ ചാണ്ടിയെന്ന മനുഷ്യസ്നേഹിയെ അവർക്ക് എങ്ങനെയാണു മറക്കാൻ കഴിയുക ?

(മൊബൈൽ : 9847481080)

**പ്രതികരണം**

# മതവിശ്വാസം മൗലികാവകാശം



റോഷൻ ഗീവർഗ്ഗീസ്

ഞാൻ വളരെ ബഹുമാനിക്കുന്ന ഒരു നേതാവാണ് പത്തനാപുരം എം.എൽ.എ. കെ. ബി. ഗണേശ്കുമാർ. വ്യത്യസ്തതയുള്ള പ്രവർത്തനശൈലി കൊണ്ടു ജനഹൃദയങ്ങളിൽ ഇടംപിടിച്ച നേതാവ്. വിദ്യാഭ്യാസകാര്യങ്ങളിലും കാരുണ്യപ്രവർത്തനങ്ങളിലും തന്റെ മനുഷ്യത്വപരമായ സമയോചിത ഇടപെടലുകൾ സമൂഹമാധ്യമങ്ങളിൽ കൂടി കാണുമ്പോൾ ഗണേശൻ സർ കേരളത്തിന്റെ മുഖ്യമന്ത്രിയാകണം എന്ന് ഞാൻ ആഗ്രഹിച്ചിട്ടുണ്ട്. എന്നാൽ നിലവിളക്ക് തെളിക്കാൻ വിസമ്മതിച്ച ഒരു പെന്തകോസ്ത്കാരിയെ പൊതുസ്റ്റേജിൽ വച്ചു അവരുടെ വിശ്വാസസ്വാതന്ത്ര്യത്തെ അപമാനിക്കുന്ന രീതിയിൽ അദ്ദേഹം നടത്തിയ പ്രസംഗം തികച്ചും വേദനാജനകമായിപ്പോയി എന്ന് പറയാതെ വയ്യ. ആ പെന്തകോസ്തു വിശ്വാസി വ്യക്തിപരമായി താങ്കളോട് പങ്കുവച്ച കാര്യങ്ങൾക്കു മറുപടി പറയാൻ മൈക്കിന്റെ ആവശ്യമുണ്ടായിരുന്നോ..? അവർ ഒരു സ്ത്രീയാണ് എന്നുള്ള പരിഗണന പോലും നൽകിയില്ലല്ലോ എന്നോർക്കുമ്പോൾ വളരെ ദുഃഖമുണ്ട്.  വളരെ പ്രാകൃതമായ ആരാധന രീതികൾ വച്ചു പുലർത്തുന്ന അനേക വിശ്വാസസമൂഹങ്ങൾ ഇന്ത്യയിലുണ്ട്. വിശ്വാസത്തിന്റെ പേരിൽ നഗ്നത പ്രദശിപ്പിച്ചു പൊതുവഴിയേ നടക്കുന്ന പുരോഹിതൻമാർ, ശരീരത്തിൽ മുറിവേൽപ്പിച്ചും വേദനിപ്പിച്ചും ദൈവത്തെ പ്രസാദിപ്പിക്കാൻ ശ്രമിക്കുന്നവർ, സാധാരണക്കാരെ കബളിപ്പിക്കുന്ന ആൾദൈവങ്ങൾ, എന്തിനേറെ പറയുന്നു മഴ പെയ്യിക്കാൻ വേണ്ടി തവളകല്യാണം വരെ നടത്തുന്ന ആരാധന രീതികൾക്ക് സ്വാതന്ത്ര്യമുള്ള നാട്ടിൽ ഒരു വ്യക്തിയ്ക്ക് തന്റെ വിശ്വാസപ്രകാരം നിലവിളക്ക് തെളിക്കാൻ കഴിയില്ല എന്ന് പറയാനുമുള്ള പൂർണ്ണസ്വാതന്ത്ര്യമുണ്ട്. ഓരോ മതങ്ങൾക്കും ആചാര അനുഷ്ഠാനങ്ങളിൽ വ്യത്യാസമുണ്ട്. ഒരു വ്യക്തിയ്ക്ക് തനിക്ക് ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും അതാത് വിശ്വാസപ്രമാണങ്ങൾ പിന്തുടരുവാനുമുള്ള സ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടന നൽകുന്നുണ്ട്. അതിനെ പരിഹസിക്കുവാൻ ആർക്കും അധികാരമില്ല. ഗണേശൻ സാറേ ഒന്നു ചോദിച്ചോട്ടെ, താങ്കളുടെ പ്രസംഗത്തിൽ പ്രതിപാദിക്കുന്ന, ക്ഷേത്രത്തിലെ ഉണ്ണിയപ്പം തിന്ന തങ്ങള്ക്കു പന്നിയിറച്ചി വിളമ്പിയാൽ അദ്ദേഹം കഴിക്കുമോ..? ഏതെങ്കിലും ക്ഷേത്രത്തിലെ പൂജാരിക്ക് നോൺ വെജ് ഭക്ഷണം കൊടുത്താൽ ഇഷ്ടപ്പെടുമോ..? എന്നും ബൈബിൾ വായിക്കുന്ന ഗണേശൻ സർ ഏതെങ്കിലും പള്ളിയിൽ ചെന്നിട്ടു എനിക്കും ഇന്നത്തെ കുർബാനയിൽ പങ്കെടുക്കണം എന്ന് പറഞ്ഞാൽ നിലവിളക്ക് തെളിക്കുന്ന അച്ചനാണെങ്കിൽ പോലും സമ്മതിക്കുമെന്ന് തോന്നുന്നുണ്ടോ..? ഇരുപതു വയസ്സുള്ള ഒരു സ്ത്രീക്ക് ശബരിമല ദർശനം സാധ്യമാകുമോ..? ചില വർഷങ്ങൾക്കു മുൻപ് ഇതേപോലൊരു വേദിയിൽ അന്നത്തെ വിദ്യാഭ്യാസമന്ത്രി ആയിരുന്ന അബ്ദുറബ്ബ് നിലവിളക്ക് തെളിക്കാൻ വിസമ്മതിച്ചത് വലിയ വാർത്ത ആയിരുന്നു. തങ്ങള് വിളക്ക് തെളിച്ചതും അബ്ദുറബ്ബും പെന്തകോസ്തുകാരിയും വിസമ്മതിച്ചതും അവരവരുടെ വ്യക്തിപരമായ തീരുമാനമാണ്. അതിനുള്ള വ്യക്തിസ്വാതന്ത്ര്യം എല്ലാ പൗരൻമാർക്കുമുണ്ട്. മതസൗഹാർദ്ദം വേണം പക്ഷെ മത സ്വാതന്ത്ര്യമാണ് ആദ്യം വേണ്ടത്. ഇവിടെ നിലവിളക്ക് തെളിക്കാൻ വിസമ്മതിച്ചതല്ല, മറിച്ചു ആ വ്യക്തിയെ പൊതുസദസ്സിൽ അപമാനിച്ചതാണ് വലിയ തെറ്റ്. എല്ലാവർക്കും അവരവരുടേതായ ശരിയുണ്ട് അത് മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുമ്പോഴാണ് വർഗീയതയായി മാറുന്നത്. അതുകൊണ്ട് ഗണേശൻ സാറെ, അംഗീകരിക്കണമെന്ന് നിർബന്ധമില്ല അപമാനിക്കാതെ വിട്ടാൽ മതി..

# ഇന്ത്യയിലെ ക്രിസ്ത്യാനികളെ സംരക്ഷിക്കുക ; യൂറോപ്യൻ പാർലമെന്റ്

ഇംഫാൽ : മണിപ്പൂരിൽ നടന്നുകൊണ്ടിരിക്കുന്ന ഗോത്രമത സംഘർഷങ്ങളിൽ യൂറോപ്യൻ പാർലമെന്റ് ഇടപെട്ടു, ശാന്തത പുനഃസ്ഥാപിക്കാൻ സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു. മതസ്വാതന്ത്ര്യത്തിനായി പ്രവർത്തിക്കുന്ന എഡിഎഫ് ഇന്റർനാഷണലിന്റെ മുതിർന്ന അഭിഭാഷകയായ ഡോ അഡിന പോർട്ടാരു പറഞ്ഞു: 'ഇന്ത്യയിലുടനീളം നാം കാണുന്ന മതസ്വാതന്ത്ര്യ പ്രതിസന്ധി മണിപ്പൂരിൽ അക്രമാസക്തമായ നാശത്തിലേക്കും അരാജകത്വത്തിലേക്കും നയിക്കുന്നു. ഓപ്പൺ ഡോർസിന്റെ വാർഷിക വേൾഡ് വാച്ച് ലിസ്റ്റ് 23, ഹിന്ദു തീവ്രവാദത്തിന്റെ വർദ്ധനയും മതപരിവർത്തന വിരുദ്ധ നിയമങ്ങൾ നടപ്പിലാക്കുന്ന സംസ്ഥാനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവും കാരണം, ക്രിസ്ത്യാനികളായി ജീവിക്കാൻ ലോകത്തിലെ ഏറ്റവും അപകടകരമായ 11 ാമത്തെ സ്ഥലമാണ് ഇന്ത്യ.

യൂറോപ്യൻ പാർലമെന്റിന്റെ ശക്തമായ പ്രമേയം വൻ ഭൂരിപക്ഷത്തോടെ പാസാക്കി. സ്ലൊവാക്യയിൽ നിന്നുള്ള എംഇപിയായ മിറിയം ലെക്സ്മാൻ പറഞ്ഞു: 'ഇന്ത്യൻ ഉദ്യോഗസ്ഥർ പലപ്പോഴും ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണെന്ന് വീമ്പിളക്കാൻ ഇഷ്ടപ്പെടുന്നു, അസഹിഷ്ണുതയും മതന്യൂനപക്ഷങ്ങൾക്കെതിരായ അക്രമവും മറ്റൊരു ചിത്രം വരയ്ക്കുന്നു. ക്രിസ്ത്യാനികൾക്കെതിരായ ഈ ആക്രമണങ്ങൾ ഒറ്റപ്പെട്ട സംഭവങ്ങളല്ല. നാശവും തകർന്ന ജീവിതവും ഉപേക്ഷിച്ച് അവർ പലായനം ചെയ്യടിവരുന്നു. യൂറോപ്യൻ യൂണിയന് ഈ കുറ്റകൃത്യങ്ങളിൽ കണ്ണടയ്ക്കാൻ കഴിയില്ല.

സംഘർഷത്തെത്തുടർന്ന് മേഖലയിൽ ഏർപ്പെടുത്തിയ ഇന്റർനെറ്റ് നിരോധനം പിൻവലിക്കാനും അന്താരാഷ്ട്ര നിരീക്ഷകർ, പത്രപ്രവർത്തകർ, മാനുഷിക സംഘടനകൾ എന്നിവർക്ക് പ്രവേശനം അനുവദിക്കാനും പാർലമെന്റ് ഇന്ത്യൻ സർക്കാരിനോട് ആവശ്യപ്പെട്ടു.



എന്നാൽ ഇന്ത്യയുടെ ആഭ്യന്തര കാര്യങ്ങളിൽ ഇത്തരം ഇടപെടൽ അംഗീകരിക്കാനാവില്ലെന്നും ഇത് കൊളോണിയൽ മനോഭാവത്തെ പ്രതിഫലിപ്പിക്കുന്നതാണെന്നുമാണ് ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം പ്രതികരിച്ചത്.

# ക്രൂരതകൾ അവസാനിക്കാതെ മണിപ്പൂർ ; കുകി യുവാവിന്റെ തല വെട്ടിമാറ്റി

**■ വെട്ടിമാറ്റപ്പെട്ട തല പല ഇടങ്ങളിലും അക്രമികൾ പ്രദർശിപ്പിച്ചു**

ഇംഫാൽ : യുവതികളുടെ നേരെ നടന്ന ആക്രമണത്തിന്റെ നടുക്കം മാറും മുമ്പ് ഞെട്ടിക്കുന്ന മറ്റൊരു വാർത്ത കൂടി പുറത്ത്. കുകി യുവാവിന്റെ തല വെട്ടിമാറ്റിയെന്ന വിവരങ്ങളാണ് പുറത്തുവന്നത്. ഡേവിഡ് തീക്ക് എന്നയാളിന്റെ ശിരസാണ് വെട്ടിമാറ്റപ്പെട്ട നിലയിൽ കണ്ടെത്തിയത്.
ഒരു കോളനിക്കുള്ളിൽ മുളം കമ്പുകൾ കൊണ്ടുള്ള മതലിൽവ്ച്ചിരിക്കുന്ന നിലയിലാണ് ശിരസ് കണ്ടെത്തിയത്. ജൂലൈ രണ്ടിന് പുലർച്ചെ 12 മണിക്ക് ബിഷ്ണുപുരിൽ നടന്ന ആക്രമണത്തിലാണ് ഇയാൾ കൊല്ലപ്പെട്ടതെന്നാണ് വിവരം.ഈ അക്രമത്തിൽ ഇയാളുൾപ്പെടെ മൂന്ന് പേർ കൊല്ലപ്പെട്ടു. വെട്ടിമാറ്റപ്പെട്ട തല പല ഇടങ്ങളിലും അക്രമികൾ പ്രദർശിപ്പിച്ചതായും വിവരമുണ്ട്.

# മരുന്നുകളും മറ്റ് അവശ്യവസ്തുക്കളും ആവശ്യമുണ്ട്, ഇംഫാൽ രൂപതയുടെ സഹായം തേടി മണിപ്പൂർ ആരോഗ്യവകുപ്പ്

ചുരാചന്ദ്പൂർ:കലാപം തുടരുന്ന മണിപ്പൂരിലെ ചുരാചന്ദ്പൂർ ജില്ലയിലെ ക്യാമ്പുകളിലേക്ക് മരുന്നുകളും മറ്റ് അവശ്യവസ്തുക്കളും വാങ്ങുന്നതിന് ഇംഫാൽ രൂപതയുടെ സഹായം തേടി ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ. ക്യാമ്പുകളിലേക്കുള്ള സഹായത്തിനായാണ് ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ ഇംഫാൽ രൂപതയ്ക്ക് കത്തെഴുതിയത്. ഇംഫാൽ രൂപതയിലെ ദുരിതാശ്വാസ പുനരധിവാസ സമിതി വികാരി ജനറലും കൺവീനറുമായ ഫാദർ വർഗീസ് വേലിക്കകത്തിനാണ് ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥൻ കത്തയച്ചത്. ഇതിൽ 100 മുതൽ 500 വരെ സ്ട്രിപ്പുകളും 60 മുതൽ 150 വരെ കുപ്പിമരുന്നുകളും ഉൾപ്പെടെ 18 ഇനം മരുന്നുകളും മറ്റ് അവശ്യ വസ്തുക്കളുമാണ് ആവശ്യപ്പെട്ടത്. ആന്റാസിഡ് ഡൈജെൻ, പാരസെറ്റമോൾ, ന്യൂറോബിയോൺ, സിങ്ക് സൾഫേറ്റ് , അസിത്രോമൈസിൻ തുടങ്ങിയ അടിസ്ഥാന മരുന്നുകളും ഇതിൽ ഉൾപ്പെടുന്നു.മണിപ്പൂരിലെ ഉദ്യോഗസ്ഥരുടെയും ഡോക്ടർമാരുടെയും ദുരിതാശ്വാസ പ്രവർത്തകരുടെയും നിസ്സഹായതയാണ് ഈ കത്തിൽ പ്രതിഫലിക്കുന്നത് എന്ന് ഒരു ദേശീയ മാധ്യമം റിപ്പോർട്ട് ചെയ്തു. കലാപം ആരംഭിച്ചതു മുതൽ മണിപ്പൂരിലെ ഇൻർനെറ്റ് നിരോധനം മൂലം മരുന്നുകളും മറ്റു അവശ്യ വസ്തുക്കളും ഓർഡർ ചെയ്യാൻ സാധിക്കുന്നില്ല. നിയന്ത്രണമില്ലാത്ത ഹൈവേകൾ ഡെലിവറികളെ തടസ്സപ്പെടുത്തുന്നുവെന്നും നിരവധി ദുരിതാശ്വാസ പ്രവർത്തകർ പറഞ്ഞു.

# ന്യൂനമർദം; കേരളത്തിൽ മഴ മുന്നറിയിപ്പ്

കൊച്ചി :കേരളത്തിൽ അടുത്ത മൂന്ന് ദിവസം വ്യാപകമായ മഴയ്ക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്കും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പ്. ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു.

# റായ്ഗഡിലെ മണ്ണിടിച്ചിലിൽ മരണം 20



റായ്ഗഡ് : മഹാരാഷ്ട്രയിലെ റായ്ഗഡിൽ ഉണ്ടായ മണ്ണിടിച്ചിലിൽ രക്ഷാപ്രവർത്തനം തുടരുന്നു. ദുരന്തത്തിൽ ഇതുവരെ 20 പേർ മരിച്ചു. 23 പേരെ രക്ഷപെടുത്തി. ഇർഷൽവാഡി ഗ്രാമത്തിൽ ഉണ്ടായ മണ്ണിടിച്ചിലിൽ 50 ഓളം വീടുകൾ മണ്ണിനടിയിലായി. നൂറോളം പേരാണ് അപകടത്തിൽപ്പെട്ടത്. ദേശീയ ദുരന്തനിവാരണസേനയുടെ നേതൃത്വത്തിൽ ഡോഗ് സ്കോഡിന്റെ സഹായത്തോടെ തിരച്ചിൽ പുരോഗമിക്കുകയാണ്. റായ്ഗഡിൽ കനത്ത മഴ തുടരുന്നതിനാൽ രക്ഷാപ്രവർത്തനം തിരിച്ചടിയായി. മണ്ണിടിച്ചിൽ ഭീഷണി ഇപ്പോഴും മേഖലയിൽ നിലനിൽക്കുന്നുണ്ട്. റായ്ഗഡ് കൂടാതെ, താനെ, പാൽഘഡ് ജില്ലകൾ റെഡ് അലർട്ടിലാണ്. മുംബൈയിൽ ഓറഞ്ച് അലർട്ടും പ്രഖ്യാപിച്ചു. അപകട സ്ഥലം മുഖ്യമന്ത്രി ഏകനാഥ് ഷിൻഡെ സന്ദർശിച്ചു.

# പ്രാർത്ഥനാസംഗമം ഒരുക്കുന്ന മുഴുരാത്രി പ്രാർത്ഥന ഇന്ന്

കൊച്ചുമോൻ ആന്താര്യത്ത്, ഷാർജ

ഷാർജ : പ്രാർത്ഥനാസംഗമം (International Prayer Fellowship ) ഒരുക്കുന്ന മുഴുരാത്രി പ്രാർത്ഥന ഇന്ന് (ജൂലൈ 21)രാത്രി 8 :30മണി മുതൽ 6 മണി രാവിലെ വരെ (യു. എ. ഇ സമയം ) നടക്കും. രാജ്യങ്ങൾക്ക് വേണ്ടിയും ( Pray for Nations )കുടുംബങ്ങൾക്കയും തലമുറകൾക്കായും മറ്റുള്ളവരെ വിഷയങ്ങൾക്ക് വേണ്ടിയും ഉള്ള പ്രാർത്ഥനകൾക്ക് പാസ്റ്റർ കെ. പി. ജോസ് വേങ്ങൂർ നേതൃത്വം നൽകും. Zoom മീറ്റിംഗ് ID 332 242 5551 Paascode: 2020

# Wings of HOPE

AN ENGLISH DIGITAL WEEKLY FROM CHRISTIAN LIVE FAMILY

*An english digital weekly*
*From Christian Live Family*

